# UNIVERSITY OF CALICUT

## SYLLABUS OF
## Common Courses in Malayalam

## SCHEME & SYLLABUS
## ( 2019 Admission onwards )

# UNIVERSITY OF CALICUT

## CHOICE BASED CREDIT & SEMESTER SYSTEM - 2019

### COMMON COURSE (MALAYALAM)

## SYLLABUS – 2019

# ബി.എ/ബി.എസ്സി മലയാളം ഡിഗ്രി പ്രോഗ്രാം 2019

# (കോമൺ കോഴ്സ്)

## കരിക്കുലം

ബിരുദ വിദ്യാർത്ഥികളിൽ മാതൃഭാഷയോടും സാഹിത്യത്തോടുമുള്ള താല്പര്യം വർദ്ധിപ്പിക്കുക.

തന്മൂലം വിദ്യാർത്ഥികളുടെ സാംസ്കാരികോന്നതി ലക്ഷ്യമാക്കുന്നു.

ഭാഷാപ്രയോഗത്തിൽ നൈപുണ്യം വളർത്തുക

വ്യത്യസ്ത കാലഘട്ടത്തിലെ മലയാള സാഹിത്യവും ഭാഷാപ്രയോഗരീതിയും തിരിച്ചറിയുക.

കേരള സംസ്കാരത്തിന്റെ വ്യത്യസ്ത തലങ്ങൾ മനസ്സിലാക്കുക.

മലയാളത്തിലെ വിവിധ സാഹിത്യരൂപങ്ങളെയും വ്യവഹാര രൂപങ്ങളെയും പരിചയപ്പെടുത്തുക.

വിദ്യാർത്ഥികളുടെ ആശയവിനിമയ ശേഷിയും സർഗ്ഗാത്മക രചനാഭിരുചിയും പോഷിപ്പിക്കുക

ബി.എ/ ബി.എസ്.സി പരമ്പരാഗത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ അടിസ്ഥാന വ്യാകരണ നിയമങ്ങൾ സ്വായത്തമാക്കുക.

പരമ്പരാഗതമല്ലാത്ത ബിരുദകോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ ശാസ്ത്രസാഹിത്യത്തിൽ അഭിരുചിയുണ്ടാക്കുക.

ശാസ്ത്ര ലേഖനങ്ങളും പഠനങ്ങളും മാതൃഭാഷയിൽ തയ്യാറാക്കുവാൻ പ്രാപ്തരാക്കുക.

ബി.കോം/ ബി.ബി.എ പോലുള്ള വാണിജ്യവിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾ വാണിജ്യ സംബന്ധമായ ഭാഷാപ്രയോഗം സ്വായത്തമാക്കുക. ഭരണഭാഷാപദാവലിയും പ്രയോഗരീതിയും ഭരണപരമായ വ്യവഹാരരൂപങ്ങളും പരിചയപ്പെടുക.

**UNIVERSITY OF CALICUT**
**CHOICE BASED CREDIT & SEMESTER SYSTEM -2019**
**B.A./BSc DEGREE PROGRAMME**
**COMMON COURSE (MALAYALAM)**

| Sem | Code No | Course Title | Insti/ Hrs/ week | Credit | Exam Hrs | Marks | | Total Credit |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| 1 | MAL1AO7(1) | മലയാള സാഹിത്യം 1 | 4 | 4 | 2.30 | 20% | 80% | 4 |
| 2 | MAL2AO8(1) | മലയാള സാഹിത്യം 2 | 4 | 4 | 2.30 | 20% | 80% | 4 |
| 3 | MAL3AO9 | മലയാള സാഹിത്യം 3 | 5 | 4 | 2.30 | 20% | 80% | 4 |
| 4 | MAL4A10 | മലയാള സാഹിത്യം 4 | 5 | 4 | 2.30 | 20% | 80% | 4 |

B.Com DEGREE PROGRAMME

| Sem | Code No | Course Title | Insti/ Hrs/ week | Credit | Exam Hrs | Marks | | Total Credit |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| 1 | MAL1A07(2) | മലയാള സാഹിത്യ പഠനം 1 | 5 | 4 | 2.30 | 20% | 80% | 4 |
| 2 | MAL2A08(2) | മലയാള സാഹിത്യ പഠനം 2 | 5 | 4 | 2.30 | 20% | 80% | 4 |

BSc PROGRAMME (IN OTHER PATTERN)

| Sem | Code No | Course Title | Insti/ Hrs/ week | Credit | Exam Hrs | Marks | | Total Credit |
|---|---|---|---|---|---|---|---|---|
| | | | | | | Int | Ext | |
| 1 | MAL1A07(3) | മലയാള ഭാഷയും സാഹിത്യവും 1 | 5 | 4 | 2.30 | 20% | 80% | 4 |
| 2 | MAL2A08 (3) | മലയാള ഭാഷയും സാഹിത്യവും 2 | 5 | 4 | 2.30 | 20% | 80% | 4 |

MAL1AO7(1)

# ഒന്നാം സെമസ്റ്റർ
# കോമൺ കോഴ്സ് 7
# ബി.എ/ബി. എസ്സി
# മലയാളസാഹിത്യം 1

പഠനസമയം-64 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

മലയാളസാഹിത്യ വളർച്ചയുടെ വിവിധ കാലഘട്ടങ്ങളെ പരിചയപ്പെടുക. എഴുത്തുകാരുടെ രചനാസ വിശേഷതകൾ പൊതുവായി മനസ്സിലാക്കുക.

## മൊഡ്യൂൾ 1

മലയാള കവിതാസാഹിത്യത്തിലെ ആദ്യകാല കൃതികൾ. കവിതകളുടെ പൊതുസ്വഭാവങ്ങൾ. കവികളെപ്പറ്റിയുള്ള സാമാന്യവിവരണങ്ങൾ എന്നിവ. ഒരു കാവ്യഭാഗം മാത്രമേ പാഠ്യവിഷയമാവുന്നുള്ളു എങ്കിലും കാവ്യത്തെപ്പറ്റി സാമാന്യധാരണ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കണം.

1. ചെറുശ്ശേരി : കാളിയമർദ്ദനം (കൃഷ്ണഗാഥ)
   ബാലകന്മാരുമായി.......................................
   ......................മസ്തകം കൊണ്ടങ്ങടിച്ചു ചെമ്മേ
   (എൺപത് വരി)

2. എഴുത്തച്ഛൻ : ലക്ഷ്മണ സാന്ത്വനം (അദ്ധ്യാത്മ രാമായണം)
   ലക്ഷ്മണവീരൻ സുമിത്രയാമമ്മയെ...................
   ..................രാഘവൻ തന്നെ പിരിഞ്ഞാൽ പൊറുക്കുമോ?
   (അൻപത്തി നാല് വരി)

3. പൂന്താനം : ജ്ഞാനപ്പാന
   സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു................
   ....................................................നാം വൃഥാ

4. കുഞ്ചൻ നമ്പ്യാർ : രുക്മിണി സ്വയംവരം (ഓട്ടൻ തുള്ളൽ)
   കുണ്ഡിനവാസികൾ ബോധിക്കേണം.....................
   .................ഖേദിക്കരുതേ രുക്മിണി നിന്മതിമോദിക്കേണമടുത്തു വിവാഹം.

## മൊഡ്യൂൾ 2

നാടൻപാട്ട്, വടക്കൻപാട്ട്, മാപ്പിളപ്പാട്ട് എന്നിങ്ങനെ വ്യത്യസ്തമാർന്നതും തനിമയുള്ളതുമായ സാഹിത്യശാഖയിലേക്കുള്ള പ്രവേശനം.

1. നാടൻ പാട്ട് :
   എന്തു തന്റെ തീണ്ടലാണ്.............

2. വടക്കൻ പാട്ട് :

ആറ്റുമ്മണമ്മേൽ ഉണ്ണിയാർച്ച കൂത്തു കാണാൻ പോയ കഥ

ആറ്റുമണമ്മേലെ…………………………………….

……………………..ആ നാടും വീടും കടന്ന് പോയി

3. മാപ്പിളപ്പാട്ട് :

മറിയക്കുട്ടിയുടെ കത്ത്: പുലിക്കോട്ടിൽ ഹൈദർ (കത്തുപാട്ടിന്റെ ആദ്യഭാഗം മാത്രം)

**മൊഡ്യൂൾ 3 : കഥകൾ**

മലയാള ചെറുകഥാസാഹിത്യത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ പ്രതിനിധാനം ചെയ്യുന്ന കഥകളാണ് 3,4 മൊഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ കഥാകൃത്തിന്റേയും ഓരോ രചനകളെ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. എങ്കിലും മുഴുവൻ രചനകളെക്കുറിച്ചും സാമാന്യമായ ധാരണ വിദ്യാർത്ഥിക്ക് ലഭിച്ചിരിക്കണം.

1. കാരൂർ : മോതിരം
2. കെ.സരസ്വതി അമ്മ : ഡബിൾ ആക്ട്
3. ഉറൂബ് : രാച്ചിയമ്മ

**മൊഡ്യൂൾ 4: കഥകൾ**

1. എൻ.പി മുഹമ്മദ് : ഉള്ളുരുക്കം
2. സി.വി ശ്രീരാമൻ : ഒട്ടുചെടി
3. ഗീതാ ഹിരണ്യൻ : ഘരെ ബായ്രെ
4. പ്രമോദ് രാമൻ : തന്തത്താഴ്

MAL2AO8(1)

## രണ്ടാം സെമസ്റ്റർ

# കോമൺ കോഴ്സ് ബി.എ/ബി. എസ്സി

## മലയാള സാഹിത്യം 2

പഠനസമയം-64 മണിക്കൂർ
ക്രെഡിറ്റ്-4

### ഉദ്ദേശ്യലക്ഷ്യങ്ങൾ

മലയാളകവിതാസാഹിത്യത്തിന്റെ വളർച്ചയുടെ ഘട്ടങ്ങൾ, പ്രസ്ഥാനങ്ങൾ, പുതിയ ഭാവുകത്വങ്ങൾ- ഇവയെപ്പറ്റിയും ഗദ്യസാഹിത്യത്തിന്റെയും വിമർശനസാഹിത്യത്തിന്റെയും വളർച്ചയെപ്പറ്റിയും സാമാന്യധാരണ രൂപപ്പെടുത്തുക.

### മൊഡ്യൂൾ 1. കവിതകൾ

മലയാളകവിതയിലെ കാൽപനികത, യഥാതഥപ്രസ്ഥാനങ്ങളെ പരിചയപ്പെടുക. കവിതകളുടെ പൊതു സ്വഭാവവും ഭാവുകത്വപരിണാമവും വ്യക്തമാക്കണം. ഓരോ കവിയുടെയും പ്രധാന രചനകളെപ്പറ്റി വിദ്യാർത്ഥികളെ സാമാന്യധാരണയിലേക്ക് നയിക്കേണ്ടതാണ്.

1. കുമാരനാശാൻ : നളിനി
   നല്ല ഹൈമവതഭൂവിൽ..................
   ...................പാട്ടുകേട്ടപരമാർന്നു കൗതുകം
2. ജി. ശങ്കരക്കുറുപ്പ് : സൂര്യകാന്തി
3. ഇടപ്പള്ളി : മണിനാദം

### മൊഡ്യൂൾ 2. കവിതകൾ

മലയാള കവിതയുടെ ആധുനിക ഘട്ടം മുതൽ ഇന്നത്തെ മലയാള കവിത വരെ. പ്രമേയ സ്വീകരണം, അവതരണം എന്നിവയിലെ വ്യതിയാനങ്ങളെപറ്റി വ്യക്തമായ ധാരണ രൂപപ്പെടണം.

1. അക്കിത്തം : കലോപാസകൻ (കരതലാമലകം)
2. അയ്യപ്പപ്പണിക്കർ : കുതിരക്കൊമ്പ്
3. ആറ്റൂർ : പുത്തൻചൊല്ല്
4. സാവിത്രി രാജീവൻ : അമ്മയെ കുളിപ്പിക്കുമ്പോൾ

### മൊഡ്യൂൾ 3,4 : വിമർശനം/ നിരൂപണം

മലയാള സാഹിത്യത്തിലെ വിമർശന രൂപങ്ങളെയും പ്രസ്ഥാനങ്ങളെയും പരിചയപ്പെടുത്തുക.

1. കുട്ടികൃഷ്ണമാരാർ : അംബ
2. മുണ്ടശ്ശേരി : കാളിദാസനും കാലത്തിന്റെ ദാസൻ
3. കെ.പി അപ്പൻ : മരണത്തിന്റെ സൗന്ദര്യം (ക്ഷോഭിക്കുന്നവരുടെ സുവിശേഷം)
4. കൽപ്പറ്റ നാരായണൻ : സ്ത്രീയില്ലാത്ത മാതൃഭൂമി (കവിതയുടെ ജീവചരിത്രം)
5. പി.കെ രാജശേഖരൻ : എഴുത്തും അധികാരവും(അന്ധനായ ദൈവം)

MAL3AO9

## മൂന്നാം സെമസ്റ്റർ

## കോമൺ കോഴ്സ് ബി.എ/ബി. എസ്സി

## മലയാള സാഹിത്യം 3

പഠനസമയം–80 മണിക്കൂർ
ക്രെഡിറ്റ്–4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

നാടകം, തിരക്കഥ, ആത്മകഥ, സഞ്ചാരസാഹിത്യം തുടങ്ങിയ സാഹിത്യശാഖകളെകുറിച്ച് സാമാന്യധാരണ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കണം.

### മൊഡ്യൂൾ 1 : നാടകം

നാടകം, നാടക സാഹിത്യചരിത്രം എന്നിവയെപ്പറ്റി സാമാന്യമായ അറിവ് ലഭിച്ചിരിക്കണം.

1. ജി. ശങ്കരപ്പിള്ള : ഭരതവാക്യം
2. വയലാ വാസുദേവൻ പിള്ള : തനതു നാടക ദർശനം (ലേഖനം) (നാടകങ്ങൾ, നാടക പഠനങ്ങൾ)

### മൊഡ്യൂൾ 2 : തിരക്കഥ

ചലച്ചിത്രകലയെക്കുറിച്ചുള്ള സാമാന്യമായ അറിവ്. തിരക്കഥ എന്ന സാഹിത്യവിഭാഗത്തെ പരിചയപ്പെടൽ

1. എം.ടി വാസുദേവൻ നായർ : പെരുന്തച്ചൻ( തിരക്കഥ)
2. അടൂർ ഗോപാലകൃഷ്ണൻ : സംവിധായകന്റെ കല (ലേഖനം) (സിനിമയുടെ ലോകം)

### മൊഡ്യൂൾ 3 : ആത്മകഥ/ സ്മരണ

ആത്മകഥ, ജീവചരിത്രം തുടങ്ങിയ സാഹിത്യരൂപങ്ങളെ പരിചയപ്പെടൽ

1. വി.ടി. ഭട്ടതിരിപ്പാട് : കെടാത്ത തീനാളങ്ങൾ (കണ്ണീരും കിനാവും)
2. പി. കുഞ്ഞിരാമൻ നായർ : പുഷ്പഗോപുരം (കവിയുടെ കാൽപ്പാടുകൾ)
3. റോസി തോമസ് : നീലക്കടലാസിൽ പൊതിഞ്ഞ പച്ചക്കുതിര (ഇവനെന്റെ പ്രിയ സി.ജെ)
4. ഈച്ചര വാര്യർ : കരുതിവെച്ച ഒരിലച്ചോറ്(ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ)

### മൊഡ്യൂൾ 4 : സഞ്ചാരസാഹിത്യം

മലയാള സഞ്ചാരസാഹിത്യ ശാഖയെ കുറിച്ച് സാമാന്യധാരണ രൂപപ്പെടുത്തുക.

1. രാജൻ കാക്കനാടൻ : ഹിമവാന്റെ മുകൾത്തട്ടിൽ

MAL4A10

## നാലാം സെമസ്റ്റർ

## കോമൺ കോഴ്സ് ബി.എ/ബി. എസ്സി

## മലയാള സാഹിത്യം 4

പഠനസമയം-80 മണിക്കൂർ
ക്രെഡിറ്റ്-4

ഭാഷ, എഴുത്ത്, വിവർത്തനം, സംസ്ക്കാരപഠനം എന്നിവക്കൊപ്പം നോവൽ എന്ന സാഹിത്യ രൂപത്തേയും പരിചയപ്പെടുത്തുക.

### മൊഡ്യൂൾ 1

1. കെ.എം പ്രഭാകരവാര്യർ : ഭാഷയും ആശയ വിനിമയവും (ഭാഷയും മനശ്ശാസ്ത്രവും)
2. സി. വി. വാസുദേവഭട്ടതിരി :വൃഥാസ്ഥൂലത (നല്ല മലയാളം)
3. എം.എൻ കാരശ്ശേരി : തീറ്റയും ജനാധിപത്യവും, ഭംഗിവാക്ക് (തായ്മൊഴി)
4. പി. പവിത്രൻ : ഡോക്ടർമാരുടെ രോഗം, വേണ്ടത് സൗന്ദര്യാത്മക വിദ്യാഭ്യാസം (മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരം)

### മൊഡ്യൂൾ 2 : വിവർത്തനം

വിവർത്തനം - നിർവ്വചനങ്ങൾ - പൊതുതത്വങ്ങൾ, വിവർത്തനരീതികൾ - ലിപ്യന്തരണം. വിവർത്തനത്തിന്റെ സാംസ്കാരിക ധർമ്മം എന്നിവയെ കുറിച്ച് സാമാന്യധാരണ രൂപപ്പെടുത്തുക.

1. കെ.പി ശങ്കരൻ : അപ്രാപ്യമായ ഒരു വിതാനം (ലേഖനം)
2. റൂമി : വ്യാജസൂചനകൾ (കവിത) (വിവർത്തനം. കെ. ജയകുമാർ)
3. ഓംപ്രകാശ് വാൽമീകി : എച്ചിൽ (ത്യാഗി ഇന്റർ കോളേജ് ഗ്രാമത്തിനു പുറത്താണ്.........കടന്ന് വന്നിരുന്നു എന്ന് നിസ്സംശയം വരെ)

കൂടാതെ,

ആശയവിനിമയ രീതികളുടെ പരിശീലനം പൊതു വിഷയത്തെ ആസ്പദമാക്കി ഉപന്യാസ രചന പരിശീലിക്കൽ, വാക്യങ്ങളിലെ തെറ്റ് തിരുത്താൻ പഠിക്കുക, സത്ത ചോർന്ന് പോകാതെ സംഗ്രഹിക്കാൻ പരിശീലിക്കുക.

## മൊഡ്യൂൾ 3 : സാംസ്കാരിക ചരിത്രം

1. എം. ഗോവിന്ദൻ : അറിവിന്റെ ഫലങ്ങൾ (എം. ഗോവിന്ദന്റെ ഉപന്യാസങ്ങൾ)
2. എം.വി വിഷ്ണുനമ്പൂതിരി : വ്യക്തിനാമപഠനങ്ങൾ (നാട്ടറിവും നാമപഠനവും 6.1 മുതൽ 6.6 വരെ ഭാഗങ്ങൾ)
3. എം. കെ സാനു : മനുഷ്യരെല്ലാം സോദരർ (നാരായണഗുരുസ്വാമി - അദ്ധ്യായം 12)

## മൊഡ്യൂൾ 4 : നോവൽ

1. നന്ദനാർ : അനുഭവങ്ങൾ

**MAL1A07(2)**

# ഒന്നാം സെമസ്റ്റർ
## കോമൺ കോഴ്സ് 7
## ബി.കോം/ബി.ബി.എ
### മലയാള **സാഹിത്യ പഠനം 1**

പഠനസമയം-80 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

വാണിജ്യശാസ്ത്ര വിദ്യാർത്ഥികൾക്ക് (BCom, BBA) മലയാള സാഹിത്യത്തെ സാമാന്യമായി പരിചയപ്പെടാൻ അവസരം നൽകുകയും സാഹിത്യത്തിൽ താൽപര്യം ജനിപ്പിക്കുകയും ചെയ്യുക.

**മൊഡ്യൂൾ 1**

1. എം.പി പോൾ : സൗന്ദര്യനിരീക്ഷണം(ആദ്യത്തെ ലേഖനം)
2. എസ്. ഗുപ്തൻ നായർ : സ്വാതിയുടെ സന്നിധിയിൽ (സമാലോചനയും പുനരാലോചനയും)
3. എം.എൻ വിജയൻ : സ്വർണ്ണമത്സ്യങ്ങൾ (ചിതയിലെ വെളിച്ചം)
4. സുകുമാർ അഴീക്കോട് : മതവും മതങ്ങളും (നവയാത്രകൾ)

**മൊഡ്യൂൾ 2 :** കഥകൾ

1. സുചിമുഖി : മലയാറ്റൂർ
2. അയൽരാജാവ് : എം. സുകുമാരൻ
3. ഒരിതൾ : മാനസി

**മൊഡ്യൂൾ 3 :** നോവൽ

1. നൂറു സിംഹാസനങ്ങൾ : ജയമോഹൻ

**മൊഡ്യൂൾ 4** യാത്രാവിവരണം

1. കുടക് യാത്രകൾ : എൻ. പ്രഭാകരൻ

**MAL2A08(2)**

## രണ്ടാം സെമസ്റ്റർ

## കോമൺ കോഴ്സ് ബി.കോം/ബി.ബി.എ

### മലയാള **സാഹിത്യ പഠനം 2**

പഠനസമയം-80 മണിക്കൂർ
ക്രെഡിറ്റ്-4

### മൊഡ്യൂൾ 1 കവിത

1. എന്റെ ഭാഷ : വള്ളത്തോൾ
2. മഴുവിന്റെ കഥ : ബാലാമണിയമ്മ
3. സഫലമീയാത്ര : എൻ.എൻ കക്കാട്

### മൊഡ്യൂൾ 2 കഥ

1. ബംഗ്ലാവ് : ടി.വി കൊച്ചുബാവ
2. ദുഷ്ഷന്തൻ മാഷ് : വി.കെ.എൻ
3. തായ് കുലം : സാറാ ജോസഫ്
4. മോദസ്ഥിതനായങ്ങ് വസിപ്പൂ മല പോലെ :എസ് ഹരീഷ്

### മൊഡ്യൂൾ 3 നാടകം

1. സാകേതം : സി. എൻ. ശ്രീകണ്ഠൻ നായർ

### മൊഡ്യൂൾ 4 ആത്മകഥ/ജീവചരിത്രം

1. ഒരു സിന്ദൂരപൊട്ടിന്റെ ഓർമ്മയ്ക്ക് : ഒ.വി വിജയൻ(ഒ.വി വിജയന്റെ ലേഖനങ്ങൾ)
2. ഷാരോണിലെ റോസാപ്പൂക്കൾ : വൈക്കം ചന്ദ്രശേഖരൻ നായർ(അക്ഷരങ്ങൾ)
3. പാവക്കുട്ടി : മാധവിക്കുട്ടി (വർഷങ്ങൾക്ക് മുമ്പ്)

**MAL1A07(3)**

## ഒന്നാം സെമസ്റ്റർ

## കോമൺ കോഴ്സ് 7

## ബി.എസ്.സി. അദർപാറ്റേൺ

## മലയാളഭാഷയും സാഹിത്യവും 1

പഠനസമയം-80 മണിക്കൂർ
ക്രെഡിറ്റ്-4

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

പരമ്പരാഗതമല്ലാത്ത സയൻസ് വിഷയങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ശാസ്ത്ര സാംസ്കാരിക മേഖലകളിലേക്ക് മാതൃഭാഷയിലൂടെ ചെന്നെത്താനുള്ള അവസരം നൽകുക. വിവിധ സാഹിത്യ രൂപങ്ങളെ പരിചയപ്പെടുക.

### **മൊഡ്യൂൾ** 1 ലേഖനങ്ങൾ

1. കലയും ആവിഷ്കാരവും (ഒന്നാം ഭാഗം) : നിത്യചൈതന്യയതി
2. ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ : സിയാറ്റിൽ മൂപ്പൻ
3. കണ്ടൽ ജീവിതം : പൊക്കുടൻ

### **മൊഡ്യൂൾ** 2 കഥകൾ

1. വേണ്ടാംകടി : കോവിലൻ
2. ലോല എന്ന അമേരിക്കൻ പെൺകിടാവ് : പത്മരാജൻ
3. ഒത്തുതീർപ്പുകൾ (വിസ്മയചിഹ്നങ്ങൾ) : അഷിത

### **മൊഡ്യൂൾ** 3 സഞ്ചാരസാഹിത്യം

1. കാപ്പിരികളുടെ നാട്ടിൽ : എസ്.കെ പൊറ്റക്കാട്ട്

### **മൊഡ്യൂൾ** 4 കവിതകൾ

1. ബുദ്ധനും ഞാനും നരിയും : ഇടശ്ശേരി
2. കൊല്ലേണ്ടതെങ്ങനെ : സുഗതകുമാരി

3. മീര പാടുന്നു : സച്ചിദാനന്ദൻ
4. പല പോസിലുള്ള ഫോട്ടോകൾ : കെ.ജി.എസ്

**MAL2A08(3)**

**രണ്ടാം സെമസ്റ്റർ**

കോമൺ കോഴ്സ്

**ബി.എസ്.സി. അദർപാറ്റേൺ**

മലയാള **ഭാഷയും സാഹിത്യവും 2**

പഠനസമയം–80 മണിക്കൂർ
ക്രെഡിറ്റ്–4

**മൊഡ്യൂൾ 1** കഥകൾ

1. ഒരു മനുഷ്യൻ : ബഷീർ
2. വൻമരങ്ങൾ വീഴുമ്പോൾ : എൻ.എസ് മാധവൻ
3. പയറുവള്ളികളിൽ ഇനി നമ്മളൊക്കെ : പ്രിയ എ. എസ്

**മൊഡ്യൂൾ 2** നോവൽ

1. എൻമകജെ : അംബികാസുതൻ മാങ്ങാട്

**മൊഡ്യൂൾ 3** നാടകം

1. ഭഗ്നഭവനം : എൻ. കൃഷ്ണപിള്ള

**മൊഡ്യൂൾ 4** ആത്മകഥ/സ്മരണ

1. പാവം മനുഷ്യൻ : ചെറുകാട് (ജീവിതപ്പാത)
2. സന്താനഗോപാലം :എം.എൻ.പാലൂര് (കഥയില്ലാത്തവന്റെ കഥ)
3. ഉത്സവകാലം : ചന്ദ്രമതി (ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള)

MAL1AO7(1)

## ബിഎ/ബിഎസ്സി
## കോമൺ കോഴ്സ് ചോദ്യമാതൃക

## മലയാളസാഹിത്യം-1

Time: 2 Hrs & 30 Mnts. Maximuim : 80 Marks

## Section –A

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.**

**2 മാർക്ക് വീതമുള്ള 15ചോദ്യങ്ങൾ .**

**പരമാവധി മാർക്ക് 25.**

1. "ആരിന്നു വന്നിതെന്നാലയം തന്നിലേ
   ധീരനായ് കേവലം ചാവതിനായ്"

   സന്ദർഭം സൂചിപ്പിച്ച് ആശയം വ്യക്തമാക്കുക.

2. ലക്ഷ്മണന് സുമിത്ര നൽകുന്ന ഉപദേശം എന്താണ്?

3. ഏതു സന്ദർഭത്തിലാണ് ദശരഥൻ കൈകേയിക്ക് രണ്ടു വരം നൽകിയത്?

4. "കുറ്റംകൂടാതുള്ള നരന്മാർ കുറയും ഭൂമിയിലെന്നുടെ താത!"
   ആര് ആരോട് ഏത് സന്ദർഭത്തിൽ ആണ് ഇത് പറയുന്നത്?

5. "എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
   മണ്ടിമണ്ടിക്കരേറുന്നു മോഹവും " ആശയം സൂചിപ്പിക്കുക.

6. "... പാണനെ തുണ കൂട്ടി പൊക്കോ പെണ്ണേ "
   എന്ന ഭർത്ത്യമാതാവിൻറെ മറുപടിയോട് ഉണ്ണിയാർച്ച
   പ്രതികരിച്ചതെങ്ങനെ?

7. "കരൾ കത്തി കരിഞ്ഞുപോന്നിതാ എൻ ജീവ് "
   സൂചിപ്പിക്കുന്നത് എന്ത്?

8. "നിർദോഷമായ ഒരു വീക്ഷണഗതി ഇവർക്കെന്തുകൊണ്ട്
   ഉണ്ടാവുന്നില്ല"
   എന്ന് ചിന്തിക്കുന്നതാരാണ് ? എന്തുകൊണ്ട്?

9. "ആ കൊച്ചു വാചകം ഏകാന്തതയുടെ
   മരുഭൂമിയാകെ നനച്ചു "

എന്താണാകൊച്ചു വാചകം? ആരാണ് പറഞ്ഞത് ?

10. "അവിടെ പോകാൻ പാടില്ല ഉമ്മയുടെ കല്പനയാണ് "
എവിടെ? എന്തു കൊണ്ട് ?

11. "ഉണ്ടായ കാര്യങ്ങൾ മുഴുവൻ ഇദ്ദേഹത്തോട് പറയണം. ഞാൻ പറയാൻ ആരംഭിച്ചാൽ വല്ലാതെ കരഞ്ഞു പോകും."
എന്താണാകാര്യം ?

.

12. 'ഘരെ ബായ് രെ ' ആരുടെ കഥയെ ആസ്പദമാക്കി , ആരു സംവിധാനം ചെയ്ത ബംഗാളി ചിത്രമാണ് ?

13. "ശരൺ തന്നെയാണ് എല്ലാ ദിവസവും അവരുടെ കാര്യം വന്നുപറയാറുള്ളത് "
ആരുടെ എന്ത് കാര്യം?

14. 'അനർഹമായ കൊതിയോടെ നോക്കിയിട്ടുണ്ട്'
ആര് ആരെയാണ് ഈവിധം നോക്കിയിരുന്നത്?

15. തുള്ളൽ വിഭാഗങ്ങൾ എത്ര? ഏതെല്ലാം?

## Section B

**ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

**5മാർക്ക് വീതമുള്ള 8ചോദ്യങ്ങൾ .**

**പരമാവധി മാർക്ക് 35.**

16. കൃഷ്ണൻ കാളിയനെ മർദ്ദിക്കുവാൻ ഉണ്ടായ സാഹചര്യം എന്തായിരുന്നു ?

17. വനവാസത്തിനു പോകുന്ന രാമനെ കണ്ടപ്പോൾ പൗരജനങ്ങൾക്കുണ്ടായ പ്രതികരണം എന്തായിരുന്നു?

18. തൻറെ മകൾക്ക് എങ്ങിനെയുള്ള വരനെ വേണം എന്നാണ് രാജാവ് കുണ്ഡിനവാസികളോട് ആരായുന്നത് ?

19. തമ്പുരാൻറെ തീണ്ടലിനെ എപ്രകാരമാണ് വിമർശിക്കുന്നത്?

20. കുഞ്ചുനായർ എങ്ങനെയാണ് മനയ്ക്കലെ ആനക്കാരൻ ആയത്?

21. “പക്ഷേ,ബസ് രണ്ട് വളവ് തിരിഞ്ഞപ്പോൾ ഓർമ്മ പെട്ടെന്ന് എന്നെ ഞെട്ടിച്ചു. വർഷങ്ങൾക്കുമുമ്പ് ഒരു സന്ധ്യക്കാണതുണ്ടായത്”. എന്താണാ ഓർമ്മ? വിശദമാക്കുക.

22. "തിരിച്ചു പിടിക്കുവാനോ ഉറക്കെ വ്യസനിക്കുവാനോ സാധിക്കാത്ത ഒരു രാജ്യനഷ്ടം " വീട്ടമ്മയുടെ ഈ പരിദേവനത്തിന്റെ വിവക്ഷയെന്ത് ?

23. "സാക്ഷി ഈ വിചാരങ്ങളോടെയാണ് വീട്ടിൽനിന്ന് ഇറങ്ങിയത് " എന്തായിരുന്നു അവളെ അലട്ടിയ വിചാരങ്ങൾ?

## Section C

## ഏതെങ്കിലും രണ്ട് ചോദ്യത്തെ കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക

24. വർത്തമാനകാല ജീവിതസാഹചര്യത്തിലും പുനർവായിക്കപ്പെടേണ്ടതാണ് ജ്ഞാനപ്പാന പാഠഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക.

25. അങ്ങേയറ്റം നിശ്ചയദാർഢ്യവും അസാമാന്യമായ ധൈര്യവുമുള്ള വ്യക്തിത്വമാണ് ഉണ്ണിയാർച്ചയുടേത് .കൂത്ത് കാണാൻ പോയ സംഭവത്തെ പുരസ്കരിച്ച് ചർച്ചചെയ്യുക.

26. സരസ്വതി അമ്മയുടെ വ്യതിരിക്തമായ സ്ത്രീപക്ഷ ചിന്തയെ എത്രമാത്രം സാധൂകരിക്കുന്നുണ്ട് ഡബിൾ ആക്ട് എന്ന കഥ വിശകലനം ചെയ്യുക.

27. വിധിവൈപരീത്യം കൊണ്ട് എല്ലാം നഷ്ടപ്പെട്ടവർ ,തികച്ചും ആലംബഹീനർ. എങ്കിലും ജീവിക്കാനുള്ള അവരുടെ ഇച്ഛാശക്തിയാണ് ഒട്ടുചെടി എന്ന കഥയുടെ കരുത്ത്. പരിശോധിക്കുക.

**(2x10=20 മാർക്ക്)**